# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5740

## 25/05/2017 - ലെ മറുപടിക്ക്

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം : | മറുപടി : |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ഡോ. ടി.എം. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ഉദ്യോഗസ്ഥർക്കും പെൻഷൻകാർക്കുമായി പുതിയതായി ആരംഭിക്കാൻ തീരുമാനിച്ച സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രാരംഭ നടപടിയായി ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിക്കേണ്ടതുണ്ട്. അതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയാണ്. അതിനുശേഷം മാത്രമേ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ആശുപത്രികളെ സംബന്ധിച്ച് തീരുമാനം എടുക്കാനാവൂ. |
| (ബി | ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്; | IRDA - യുടെ അംഗീകാരമുള്ള 4 പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾക്ക് മുൻഗണന നൽകിക്കൊണ്ട് നിലവിലുള്ള മറ്റ് 28 ആരോഗ്യ ഇൻഷ്വറൻസ് കമ്പനികളെ കൂടി ഉൾപ്പെടുത്തി ടെൻഡർ നടപടിക്രമം പാലിച്ചുകൊണ്ട് പരിഗണിക്കുന്നതാണ്. |
| (സി) | നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് അടച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ കാര്യം ഇതുമായി ബന്ധപ്പെട്ട് പരിശോധിക്കുമോ; വ്യക്തമാക്കുമോ? | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ മറ്റ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ ബന്ധപ്പെടുത്താനാവില്ല. |

സെക്ഷൻ ഓഫീസർ